<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 403**</u> <u>**14-03-2023 - ൽ മറുപടിയ്ക്ക്**</u>

## <u>വിദ്യാകിരണം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ വി കെ പ്രശാന്ത്,**<br>**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,**<br>**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,**<br>**ശ്രീ . കെ .ഡി .പ്രസേനൻ** | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തന ഫലമായി കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ അൺ എയ്ഡഡ്, സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും ഇതര സിലബസ് വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എ) ആകർഷിക്കാനായിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷങ്ങളിൽ പുതുതായി വന്നുചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഈ കുട്ടികൾ അൺ എയ്ഡഡ് സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും ഇതര സിലബസ് വിദ്യാലയങ്ങളിൽ നിന്നും (അംഗീകാരമുള്ളതുംഅംഗീകാരമില്ലാത്തതുമായ) വന്നവരാണ്.

ഒന്നാം ക്ലാസ്സിലും 2 മുതൽ 10 വരെ ക്ലാസ്സുകളിലും പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2017- 18 | 96913 | 164818 | 261731 |
| 2018 - 19 | 102697 | 169112 | 271809 |
| 2019 – 20 | 102529 | 165890 | 268419 |
| 2020 – 21 | 105472 | 171460 | 276932 |
| 2021 – 22 | 120848 | 184976 | 305824 |
| 2022 – 23 | 105468 | 162834 | 268302 |

2 മുതൽ 10 വരെ ക്ലാസ്സുകളിലായി പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | സർക്കാർ | സർക്കാർ എയ്ഡഡ് | ആകെ |
|---|---|---|---|
| 2017- 18 | 59852 | 96713 | 156565 |
| 2018 - 19 | 71360 | 113368 | 184728 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2019 – 20</td><td>65215</td><td>98343</td><td>163558</td></tr>
<tr><td>2020 – 21</td><td>68742</td><td>106129</td><td>174871</td></tr>
<tr><td>2021 – 22</td><td>107458</td><td>148990</td><td>256448</td></tr>
<tr><td>2022 – 23</td><td>44915</td><td>75055</td><td>119970</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>പ്രസ്തുത നേട്ടം തുടരുന്നതിന് അക്കാദമിക മികവ് ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാകിരണം പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;</td>
<td>(ബി)</td>
<td>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്നോണം വിദ്യാകിരണത്തിലും ഭൗതികസൗകര്യവികസനം, സാങ്കേതി കവിദ്യാസൗഹൃദം, അക്കാദമിക കാര്യങ്ങൾ, സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. ഭൗതികസൗകര്യ വികസന കാര്യത്തിലും കിഫ്ബി പദ്ധതികളുടെ കാര്യത്തിലും പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നതുമായ കെട്ടിടനിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.സാങ്കേതികവിദ്യാ സൗകര്യങ്ങളുടെ കാര്യത്തിൽ ആവശ്യമുള്ള ഇടങ്ങളിൽ ഉപകരണങ്ങൾ ഉറപ്പാക്കുക, ഇതിനകം വിതരണം ചെയ്ത ഉപകരണങ്ങളുടെ റിപ്പയറിംഗ് ആവശ്യമുള്ള ഇടങ്ങളിൽ അവ ഉറപ്പാക്കുക, ഇ-കണ്ടന്റ് വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുക തുടങ്ങിയവയാണ് നടത്തി വരുന്നത്.<br><br>അക്കാദമിക കാര്യങ്ങളിലെ ഇടപെടലിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. കോവിഡ് മഹാമാരി പലതരത്തിൽ കുട്ടികളുടെ പഠനത്തെ സ്വാധീനിച്ചിട്ടുണ്ട്. അവ കണ്ടെത്തി മറികടക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. അതോടൊപ്പം എസ്.എസ്.കെയുടെ നേതൃത്വത്തിൽ ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയമേഖലകളിൽ ആവശ്യമായ പഠനപിന്തുണ നൽകിവരുന്നു. ഏതെങ്കിലും മേഖലയിൽ പ്രതിഭകളായ കുട്ടികളുടെ പ്രതിഭയെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. ഇവയെല്ലാം കൂടുതൽ ശക്തിപ്പെടുത്തി മുന്നേറാനുള്ള പ്രവർത്തനങ്ങൾ വകുപ്പിലെ എല്ലാ ഏജൻസികളുടേയും ഏകോപനം വഴി നടപ്പാക്കി വരുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>കാലഘട്ടത്തിന് അനുസൃതമായ മികച്ച അദ്ധ്യാപനത്തിനായി അധ്യാപകരുടെ ശേഷി വികസനത്തിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>വിവിധ തലങ്ങളിലും സന്ദർഭങ്ങളിലും, ഏറെക്കാലമായി നടത്തിവരുന്ന പങ്കാളിത്ത പരിശീലന പരിപാടികൾ വഴി അധ്യാപക സമൂഹത്തെ ആശയപരമായി വളരെയേറെ ശാക്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാലഘട്ടത്തിന് യോജിച്ച തരത്തിൽ അധ്യാപകരുടെ ശേഷി വികസിപ്പിക്കുന്നതിനായി പുതിയ നിരവധി പദ്ധതികൾ എസ്.സി.ഇ.ആർ.ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ